പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ച് നൽകുന്നു. ഇതിനുപുറമെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കിവരുന്നു.

(ബി) തീരുമാനിച്ചിട്ടുണ്ട്. ഖാദി ഗ്രാമ വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി ഖാദി ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും പഴയ ചർക്കകൾക്കും തറികൾക്കും പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവത്ക്കരണം ഉടങ്ങിയവ നടപ്പിലാക്കിവരുന്നു.

**കരകൗശല മേഖല**

192 (604) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരകൗശല മേഖലയ്ക്കും പരമ്പരാഗത മേഖലയ്ക്കും എത്ര കോടി രൂപ ബഡ്ജറ്റിൽ അധികമായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരകൗശല മേഖലയ്ക്കും പരമ്പരാഗത മേഖലയ്ക്കുമായി 2016-17-ൽ 150.22 കോടി രൂപയും 2017-18 -ൽ 193.15 കോടി രൂപയും 2018-19-ൽ 94.62 കോടി രൂപയും 2019-20-ൽ 132.63 കോടി രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

**മാൽകോടെക്സ് സഹകരണ സ്പിന്നിംഗ് മിൽ ഭരണ സമിതി തെരഞ്ഞെടുപ്പ്**

193 (605) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആതവനാട് കാർത്തല ചുങ്കത്തുള്ള മാൽകോ ടെക്സ് സഹകരണ സ്പിന്നിംഗ് മില്ലിൽ ഭരണ സമിതി തെരഞ്ഞെടുപ്പ് മൂന്ന് വർഷമായി നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ;

(സി) ഭരണ സമിതി തെരഞ്ഞെടുപ്പ് എന്ന് നടത്തുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മാൽകോടെക്സിന്റെ ഭരണസമിതിയുടെ ക്വാറം തികയാതെ വന്നപ്പോൾ ഭരണശൂന്യത ഒഴിവാക്കാനാണ് സർക്കാർ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചത്. തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)36134/2018 എന്ന കേസ് നിലവിലുണ്ട്.

(സി) വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## കാണക്കാരി പഞ്ചായത്തിലെ കൈത്തറി വ്യവസായ വിപണന കേന്ദ്രം

194 (606) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കാണക്കാരി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ച് വന്നിരുന്നതും പൂട്ടിപ്പോയതുമായ കൈത്തറി വ്യവസായ വിപണന കേന്ദ്രം ഒഴിയണമെന്ന് ആവശ്യപ്പെട്ട് കാണക്കാരി ഗ്രാമ പഞ്ചായത്ത് കമ്മിറ്റി നൽകിയിരുന്ന നിവേദനത്തിൽ വ്യവസായ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) 2013 മുതൽ അടഞ്ഞുകിടക്കുന്ന ഈ സ്ഥാപനം ഒഴിയുന്നതു സംബന്ധിച്ച് ജില്ലാ വ്യവസായ കേന്ദ്രം എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ; പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിന് ഉണ്ടായ കാലതാമസം വിശദമാക്കുമോ?

ഉത്തരം

(എ) കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 10-ാം വാർഡിലെ 428-ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സംഘത്തിന്റെ ഓഫീസ് പ്രവർത്തനം നിലച്ചിട്ടും

LIBRARY ARCHIVES Kerala Legislative Assembly